## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4682 — 22.03.2018-ൽ മറുപടിയ്ക്ക്

**കേരള തമിഴ് നാട് അതിർത്തി കേന്ദ്രീകരിച്ച് വ്യാജ ഭാഗ്യക്കുറി മാഫിയ**

| | ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, എം.ഉമ്മർ<br>,, മഞ്ഞളാംകുഴി അലി : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കേരള തമിഴ് നാട് അതിർത്തി കേന്ദ്രീകരിച്ച് വ്യാജ ഭാഗ്യക്കുറി മാഫിയ സജീവമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇതു സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | രഹസ്യമായി നടത്തുന്ന സമാന്തര ഭാഗ്യക്കുറി വിൽപന തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) | സമാന്തര ലോട്ടറി നടത്തിപ്പ് പോലുള്ള നിയമവിധേയമല്ലാത്ത പ്രവണതകൾ നിയന്ത്രിക്കുന്നതിലേക്കായി വിവിധ മാധ്യമങ്ങൾ മുഖേനയും വ്യക്തികൾ വഴിയും വകുപ്പിൽ ലഭ്യമാകുന്ന ഇത്തരത്തിലുള്ള പരാതികൾ ക്രോഡീകരിച്ച് വിശദാംശങ്ങൾ സഹിതം തുടർ അന്വേഷണത്തിനും മേൽ നടപടികൾക്കും വേണ്ടി ഇതിലേക്കായി രൂപീകരിച്ചിട്ടുള്ള പോലീസ് എൻഫോഴ്സ്മെന്റ് അതോറിറ്റിക്ക് കൈമാറി സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നു. സമാന്തര ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് എഴുത്ത് ലോട്ടറിക്കെതിരെ 29.01.2018-ന് സംസ്ഥാന വ്യാപകമായി പോലീസ് നടത്തിയ റെയ്ഡിൽ 49 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 57 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമാന്തര ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യാപകമായി 216 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഇത് സംസ്ഥാന ഭാഗ്യക്കുറിയെ എപ്രകാരം ബാധിക്കുമെന്നാണ് വിലയിരുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | നിയമവിരുദ്ധമായ സമാന്തര ലോട്ടറികളുടെ പ്രവർത്തനം മൂലം വകുപ്പിന് ഉണ്ടാകുന്ന വരുമാന നഷ്ടം ഇതുവരെ കണക്കാക്കിയിട്ടില്ലെങ്കിലും, സർക്കാർ ലോട്ടറിയുടെ വിൽപ്പനയെ ഇത് ഗണ്യമായി ബാധിക്കാൻ ഇടവരുത്തുന്നതാണ്. ഇത്തരം ചൂതാട്ട ലോട്ടറികളോടുള്ള അമിതാസക്തി സാമാന്യ ജനത്തെ കടക്കെണിയിൽ അകപ്പെടുത്താൻ സാധ്യതയുള്ള സാമൂഹിക വിപത്താണ്. ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിന് കർശനമായ നടപടികൾ സർക്കാർ തലത്തിൽ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ